(ഡി) കഞ്ചാവ് കൃഷി നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ വനം ഉദ്യോഗസ്ഥരെ പ്രത്യേകം പ്രത്യേകം സ്ക്വാഡുകളാക്കി തിരിച്ച് പട്രോളിംഗ് ഊർജ്ജിതമാക്കിയിട്ടുണ്ട്. കൂടാതെ ഓയിഞ്ച് സ്റ്റേറാഫിന്റെ നേതൃത്വത്തിൽ വനത്തിൽ തമ്പടിച്ച് വനസഞ്ചാരങ്ങളും നടത്തിവരുന്നു. കഞ്ചാവ് കൃഷി ധാരാളമായി നടത്തുന്ന കമ്പക്കല്ല്, കടവരി ഭാഗങ്ങളിൽ പുതുതായി രണ്ട് സ്റ്റേഷനുകളും രൂപീകരിച്ച് ആവശ്യമായ കരുതൽ നടപടികളും സ്വീകരിച്ചുവരുന്നു. ആദിവാസികളും മുഖേനയും പ്രത്യേക വനസംരക്ഷണ ജീവനക്കാർ മുഖേനയും രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിനും നടപടികളും സ്വീകരിച്ചിട്ടുണ്ട്. കഞ്ചാവ് കൃഷി സംബന്ധിച്ച രഹസ്യവിവരങ്ങൾ നൽകുന്നതിന് ഇൻഫോർമർമാർ പ്രവർത്തിക്കുന്നുണ്ട്. കഞ്ചാവ് കൃഷി നടത്തിയതിനുള്ള കുറ്റവാളികളെ കണ്ടെത്തിയാൽ അവരെ അറസ്റ്റ് ചെയ്ത് ശിക്ഷണ നടപടികളും സ്വീകരിച്ച് എക്സൈസ് വകുപ്പിനെ കൈമാറുകയും ചെയ്തുവരുന്നു. കഞ്ചാവ് കൃഷി നടത്തുന്നത് കണ്ടുപിടിക്കുവാൻ ഹെലിക്കോപ്റ്ററുകളുടെ സേവനം ലഭ്യമാക്കുവാനും റിമോട്ട് സെൻസിംഗ് ടെക്നിക്ക് നടപ്പിലാക്കുവാൻ സാധിക്കുമോ എന്നും പരിശോധിക്കുന്നുണ്ട്.

സാമൂഹ്യ മത്സ്യകൃഷി പദ്ധതി

13 [388] ശ്രീ. എം. എം. ഹസ്സൻ:
,, കെ. സുധാകരൻ:
,, വർക്കല കഹാർ:
,, ജി. കാർത്തികേയൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ മത്സ്യകൃഷി പദ്ധതി എവിടെയെല്ലാം നടപ്പാക്കുന്നുണ്ട്;

(ബി) ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം വിധത്തിലുള്ള മത്സ്യ കുഞ്ഞുങ്ങളെയാണ് കടലിലും മറ്റ് ജലാശയങ്ങളിലും നിക്ഷേപിച്ചിട്ടുള്ളത്;

(സി) ഈ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിന്റെ ഫലമായി മത്സ്യ ഉല്പാദനത്തിൽ എന്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത ജലാശയങ്ങളും, നദികളും, ജലസംഭരണികളും, അഴിമുഖങ്ങളും എന്നിവിടങ്ങളിൽ സാമൂഹ്യ മത്സ്യകൃഷി പദ്ധതി നടപ്പാക്കുന്നുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം ശുദ്ധജലാശയങ്ങളിൽ കട്ല, രോഹു, മൃഗാൽ, സൈപ്രിണസ്, ആറുകൊഞ്ച് എന്നീ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമൂഹ്യ മത്സ്യകൃഷി നടപ്പാക്കിത്തുടങ്ങിയ 1997-98-നു മുൻപും അതിനുശേഷവുമുള്ള വർഷങ്ങളിലെ മത്സ്യത്തിന്റെ ലഭ്യത താഴെ ചേർക്കുന്നു:

1990-1991	36342	മെ. ടൺ
1991-1992	40365	,,
1992-1993	42390	,,
1993-1994	45482	,,
1994-1995	48192	,,
1995-1996	49586	,,
1996-1997	52105	,,
1997-1998	58215	,,
1998-1999	65855	,,
1999-2000	74130	,,
2000-2001	85234	,,
2001-2002	78039	,,
2002-2003	75036	,,
2003-2004	76279	,,
2004-2005	76451	,,

പ്രസ്തുത കണക്കുകളും സാമൂഹ്യ മത്സ്യകൃഷി നടപ്പാക്കിയതിനു ശേഷം ഉൾനാടൻ മത്സ്യകൃഷിയിൽ ഗണ്യമായ പുരോഗതി ഉണ്ടായതായി വ്യക്തമാക്കുന്നു.

കഞ്ചാവ് കൃഷി തടയാൻ നടപടി

14 [389] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവുകൃഷി തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ഇതിനായി പ്രത്യേക പോലീസ് ഫോഴ്സ് സ്ക്വാഡ് രൂപീകരിക്കാൻ പദ്ധതിയുണ്ടോ;

(സി) എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം സ്ക്വാഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതു സംബന്ധിച്ച് ഫോഴ്സ് വകുപ്പിന്റെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ഇ) കഞ്ചാവുകൃഷി പൂർണ്ണമായും തടയുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വനഭാഗങ്ങളിലെ കഞ്ചാവ് കൃഷി കണ്ടെത്താൻ സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേക സംഘങ്ങൾ രൂപീകരിച്ച് കഞ്ചാവ് കൃഷി നശിപ്പിച്ച് വരുന്നുണ്ട്. ഇൻഫോർമർമാരുടെ സേവനം

LIBRARY ARCHIVES Kerala Legislative Assembly